3. കേരളത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് അന്താരാഷ്ട്ര നിലവാരത്തെക്കുറിച്ചുള്ള ധാരണ നൽകുകയും ഈ രംഗത്തെ ആധുനികവൽക്കരിക്കുകയും ചെയ്യുക.
4. ഉന്നത വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾ വരുത്തുന്നതിനു വേണ്ടിവരുന്ന ധനലഭ്യതയും മുതൽ മുടക്കും സംബന്ധിച്ച് ചർച്ച ചെയ്യുക.
5. ഉന്നത വിദ്യാഭ്യാസ രംഗത്ത് അനുദിനമുണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസൃതമായി നയ രൂപീകരണം നടത്തുക.

(സി) സർവ്വകലാശാലകളുടെ പരിഗണനയിലുണ്ട്.

(ഡി) കേരളത്തിലെ സർവ്വകലാശാലകൾ വിദേശ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തി സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് അനുഗുണമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

പിന്നോക്ക വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം

7 [*162] ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. ബി. വിജയകുമാർ:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസ്ലീം-നാടാർ വിഭാഗങ്ങളിലെ പെൺകുട്ടികൾക്ക് ഇപ്പോൾ എന്തെല്ലാം വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്;

(ബി) ഈ ആനുകൂല്യങ്ങൾ മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന പെൺകുട്ടികൾക്കും നൽകുവാൻ ഉദ്ദേശമുണ്ടോ;

(സി) എങ്കിൽ എന്നു മുതൽ നൽകുമെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ) വാർഷിക വരുമാനം 18,000 രൂപയിൽ കുറവായ രക്ഷിതാക്കളുടെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യമായി ഹൈസ്കൂൾ തലത്തിൽ 100 രൂപ നിരക്കിലും യു. പി. തലത്തിൽ 75 രൂപ നിരക്കിലും ഓരോ വർഷവും സ്കോളർഷിപ്പ് നൽകുന്നുണ്ട്.

(ബി & സി) ഉണ്ട്. 6-2-2006-ലെ സർക്കാർ ഉത്തരവ് (പി) നം. 12/06/പജപവവിവ. പ്രകാരം ഈ ആനുകൂല്യം എല്ലാ പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട പെൺകുട്ടികൾക്കും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുന്നോക്ക വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കും കൂടി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly